**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ നിലവിലെ വ്യവസ്ഥ പ്രകാരം വനാതിർത്തി വേർതിരിക്കുന്നതിനുള്ള ജണ്ട നിർമ്മാണ പ്രവൃത്തികളിൽ മേൽനോട്ടം വഹിച്ച് അളവ് രേഖപ്പെടുത്തേണ്ടതും പരിശോധന നടത്തി ചെക്ക് മെഷർ ചെയ്ത് ബില്ല് പാസ്സാക്കി തുക നൽകേണ്ടതും ഏതൊക്കെ തസ്തികകളിലെ ഉദ്യോഗസ്ഥർ ആണെന്ന് വ്യക്തമാക്കാമോ; ജണ്ട നിർമ്മാണ ക്രമക്കേടിന് പ്രസ്തുത ജീവനക്കാർ എല്ലാവരും ഉത്തരവാദികൾ ആണോയെന്ന് വ്യക്തമാക്കുമോ; | (എ) | വനാതിർത്തി വേർതിരിക്കുന്നതിനുള്ള ജണ്ട നിർമ്മാണ പ്രവർത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ സ്വീകരിയ്ക്കുകയും ആയതു മുഖാന്തരം കരാർ ഏറ്റെടുക്കുന്ന രജിസ്റ്റേർഡ് കോൺട്രാക്ടർമാർ മുഖേനയാണ് ജണ്ട നിർമ്മാണ ജോലികൾ നിർവ്വഹിച്ചുവരുന്നത്. ടി ജോലികളുടെ മേൽനോട്ട ചുമതല അതാത് ഫോറസ്റ്റ് സ്റ്റേഷൻ/ സെക്ഷൻ സ്റ്റാഫുകളുടെയും ബന്ധപ്പെട്ട ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ആഫീസർ, റെയിഞ്ച് ഫോറസ്റ്റ് ആഫീസർ എന്നിവരുടെയും നേതൃത്വത്തിലാണ് നിർവ്വഹിക്കുന്നത്. കേരള ഫോറസ്റ്റ് കോഡ് വാല്യം 2 ഖണ്ഡിക 10.5.2 പ്രകാരം പ്രവർത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ മെഷർമെൻറ് ബുക്കിൽ അതാത് ബീറ്റ് ഫോറസ്റ്റ് ആഫീസർ/ സെക്ഷൻ ഫോറസ്റ്റ് ആഫീസർമാർ രേഖപ്പെടുത്തേണ്ടതുണ്ട്. ആയതിൽ പരിശോധന നടത്തി അളവുകളുടെ 25 ശതമാനം ചെക്ക് മെഷർ ചെയ്യേണ്ടത് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ആഫീസറും 10 ശതമാനം ചെക്ക് മെഷർ ചെയ്യേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുമാണ്. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ടി പണികളുടെ ക്വാളിറ്റിയും അളവുകളും പരിശോധിച്ച് തൃപ്തികരമെന്ന് ചെക്ക് മെഷർമെൻറ് ചെയ്ത് ബില്ല് പാസാക്കി നൽകുന്നു. ടി പ്രവർത്തികൾക്ക് വീഴ്ച ഉണ്ടായാൽ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരും, അളവ് പരിശോധിച്ച് രേഖപ്പെടുത്തിയവരും, ബില്ല് പാസ്സാക്കി തുക നൽകിയ ഉദ്യോഗസ്ഥർ ഉൾപ്പെടെ എല്ലാവരും തങ്ങളുടെ നിയമപ്രകാരമുള്ള ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായി ടി വീഴ്ചകൾക്ക് ഉത്തരവാദികൾ ആണ്. |
| (ബി) | ജണ്ട നിർമ്മാണ ക്രമക്കേടുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കാനും കണ്ടെത്തലുകളിന്മേൽ തുടർ നടപടി സ്വീകരിക്കാനും | (ബി) | ജണ്ട നിർമ്മാണ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ സർക്കാർ നഷ്ടം ഈടാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതും അടക്കമുള്ള |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് സംബന്ധിച്ച അന്വേഷണം എത്രയും വേഗം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിന് അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വനമേഖലയുടെ പരിധിയിലെ പെരിങ്ങമല സെക്ഷനിലെ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിൽ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാരാവർക്കെതിരെ തുടർനടപടി സ്വീകരിയ്ക്കുന്നതിന് ആവശ്യമായ ശുപാർശ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ന് നൽകിയിട്ടുള്ളതാണ് |
| (സി) | തിരുവനന്തപുരം വനമേഖലയുടെ പരിധിയിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ, നിർമ്മിക്കാത്ത ജണ്ടകൾ നിർമ്മിച്ചതായി വ്യാജ ബില്ല് തയ്യാറാക്കി തുക മാറി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള ജണ്ടകളുടെ എണ്ണവും മാറി എടുത്ത തുകയും വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പ്രസ്തുത വനമേഖലയിലെ ജണ്ട നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകൾ എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ധ സമിതി അന്വേഷിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച അച്ചടക്ക നടപടി സംബന്ധിച്ച് വിശദീകരിക്കാമോ? | (ഡി) | തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിലെ Centre for Industrial Training Consultancy and Sponsored Research (ITC & SR) വിഭാഗം തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണം പരിശോധിച്ച് നിരീക്ഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഇപ്രകാരം പരാമർശിച്ചിട്ടുണ്ട്. “So, based on the quality of construction adopted and quality of materials used for the jundas inspected, it can be concluded that the constructed Jundas/ Boundary Cairns are not confirming to estimate specifications and they are not FIT for their intended purpose”. ടി റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ